(സി) പ്രളയബാധിത വില്ലേജുകളിലെ റേഷൻകടകളിലൂടെ എല്ലാ വിഭാഗങ്ങളിലെയും കാർഡുടമകൾക്ക് സെപ്റ്റംബർ മാസത്തെ റേഷൻ വിഹിതം സൗജന്യമായി നൽകി. സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യവസ്തുക്കളും കൂടാതെ എൽ.പി.ജി., മണ്ണെണ്ണ എന്നിവയും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. നെറ്റ്‌വർക്ക് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ റേഷൻ വിതരണം മാനുവലായി നടത്തുന്നതിന് അനുവദിച്ചു. വാതിൽപ്പടി വിതരണം തടസ്സപ്പെടാതെ എല്ലാ റേഷൻ ഡിപ്പോകളിലും ആവശ്യത്തിനുള്ള സ്റ്റോക്കുണ്ടെന്ന് ഉറപ്പുവരുത്തി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലും ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലും 24 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കുകയും ജില്ലകളിലെ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും അവധി ദിവസങ്ങളിലും തുറന്നുപ്രവർത്തിച്ചു. കൂടാതെ, അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സപ്ലൈകോ ഡിപ്പോകളും/വിൽപ്പനശാലകളും അവശ്യ വസ്തുക്കളുടെ വിതരണം തടസ്സം കൂടാതെ നടത്തിയിട്ടുണ്ട്.

### പുതിയ മാവേലി സ്റ്റോറുകൾ

278(2249) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി തുടങ്ങിയ മാവേലി സ്റ്റോറുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 41 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

### സപ്ലൈകോ വിജിലൻസ് അന്വേഷണം

279(2250) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകളിൽ കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യാൻ സൂക്ഷിച്ചിരുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങൾ

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കരിഞ്ചന്തയിലേക്ക് കടത്തിയതുമായി ബന്ധപ്പെട്ട് സപ്ലൈകോ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യുവാൻ സൂക്ഷിച്ചിരുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് കടത്തിയതുമായി ബന്ധപ്പെട്ട് പരാതികളോ ആക്ഷേപങ്ങളോ നിലവിലില്ല.

**നാട്ടിക മണ്ഡലത്തിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്**

280(2251) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ബി) നാട്ടിക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. രോഗബാധിതരായവരുടെ റേഷൻ കാർഡുകൾ അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നുണ്ട്. കൂടാതെ അപേക്ഷ പരിഗണിച്ച് അന്വേഷണം പൂർത്തീകരിച്ച നോൺ പ്രയോറിറ്റി കാർഡുകൾ പ്രയോറിറ്റി, എ.എ.വൈ.-യിലേയ്ക്കും മാറ്റി നൽകിവരുന്നു. 1832 അനർഹരെ കണ്ടെത്തുകയും പ്രയോറിറ്റി വിഭാഗത്തിലുള്ള അനർഹരായ കാർഡുടമകളെ നോൺ പ്രയോറിറ്റിയിലേയ്ക്ക് പരിവർത്തനം ചെയ്യുംവരുന്നു.

ടി മണ്ഡലത്തിലെ ചേർപ്പ് പഞ്ചായത്തിൽ രണ്ട് സൂപ്പർ മാർക്കറ്റുകളും മറ്റെല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നതിനാൽ

LIBRARY ARCHIVES Kerala Legislative Assembly